# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂത്തേടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.5/823/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 14/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂത്തേടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/823/2022 തീയ്യതി: 14/06/2022

## മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂത്തേടം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-02-2020 മുതൽ 25-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സി.ടി.രാധാമണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. സത്യകുമാരൻ.കെ.കെ | സെക്രട്ടറി | 01-04-2019 | 19-01-2020 |
| ശ്രീ.നൗഷാദലി.ഡി | സെക്രട്ടറി | 20-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബുരാജ്.എസ് | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.റാസിഫ് എം | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.മനോജ്.കെ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ഡോ.റസീന.ടി.പി | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2019 | 31-03-2020 |
| ഡോ.പി.അബ്ദുൾ റസാക്ക് | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.സജി തോമസ് തോപ്പിൽ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ശാന്തകുമാരി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.രേഷ്മ.ടി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ഹരീന്ദ്രനാഥ പിള്ള | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |

--

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Sujatha M (Auditor, On 28-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Sujatha M (Auditor, On 28-03-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Sujatha M (Auditor, On 30-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 31-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-11 |
| 12 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 09-06-2022) | 1-12 |
| 13 | പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമായില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-13 |
| 14 | ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ചെയ്തില്ല<br>Written By: Ramakrishnan.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-14 |
| 15 | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-15 |
| 16 | മഴക്കാല പൂർവ്വ ശുചീകരണം - തുക പൂർണ്ണമായി വിനിയോഗിച്ചില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-16 |
| 17 | ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-17 |

| | | |
|---|---|---|
| 18 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-18 |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-19 |
| 20 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കേണ്ടതാണ്.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-20 |
| 21 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-21 |
| 22 | വട്ടപ്പാടം അംഗനവാടി പുനരുദ്ധാരണം 215/20.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-21-1 |
| 23 | താളിപ്പാടം അംഗനവാടി നിർമാണം 68/20.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-21-2 |
| 24 | ഡ്രൈനേജ് സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. 15528 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-22 |
| 25 | റോഡ് കോൺക്രീറ്റ്; ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി. 2170 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-23 |
| 26 | ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കൺവീനർമാർക്ക് ടാക്സ് അനുവദിച്ചു നൽകിയത് ക്രമ വിരുദ്ധം.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-24 |
| 27 | Coil Fencing; എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക അനുവദിച്ചു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-25 |
| 28 | അംഗനവാടികൾ - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-26 |
| 29 | എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയലുകൾ സപ്ലൈ ചെയ്തതിനു പണം നൽകിയപ്പോൾ ജി.എസ്.ടി കുറവ് ചെയ്തില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-27 |
| 30 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.<br>Written By: Sujatha M (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-28 |
| 31 | റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല<br>Written By: Sujatha M (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-29 |
| 32 | പാർപ്പിടാവശ്യത്തിന് നമ്പർ നൽകിയ കെട്ടിടത്തിൽ വാണിജ്യ സ്ഥാപനം | 1-30 |

| | | |
|---|---|---|
| | പ്രവർത്തിക്കുന്നു.<br>Written By: Sujatha M (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | |
| 33 | പാർക്കിംഗ് സൗകര്യം ഒരുക്കാത്ത കെട്ടിടത്തിന് കെട്ടിട നമ്പർ നൽകി<br>Written By: Sujatha M (Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 3-1 |
| 2 | ഡ്രൈനേജ് സൈഡ് വാളിന്റെ കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. 15528 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Sujatha M (Auditor, On 28-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Sujatha M (Auditor, On 28-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Sujatha M (Auditor, On 28-03-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Sujatha M (Auditor, On 28-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 30-03-2022)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 11-04-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 30-03-2022)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 11-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 11-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 20-05-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/1- 06.02.2019 | 1/1- 13.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2020 | 05.06.2020 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 13157583 |
| വരവ് | 77069395 |
| ആകെ | 90226978 |
| ചെലവ് | 80505255 |
| നീക്കിയിരിപ്പ് | 9721723 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16459059 | 16459059 | 16445665 | 13394 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5355647 | 5355647 | 3986854 | 1368793 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1585176 | 1585176 | 1324257 | 260919 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14414000 | 14414000 | 7205437 | 7208563 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5218000 | 5218000 | 3568190 | 1649810 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13998451 | 13998451 | 6383859 | 7614592 |
| ബി ഫണ്ട് | 0 | 11545620 | 11545620 | 11545620 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 110132258 | 144 | 70650937 | 0 | 95 | 60.25% |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5518 | 941895 | 947413 | 947413 | 0 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 21546000 | 21546000 | 21546000 | 0 |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 186120 | 102 |
| കർഷകതൊഴിലാളി പെൻഷൻ | 2037600 | 1768 |
| വിധവാപെൻഷൻ | 3780600 | 3658 |
| വാർദ്ധക്യകാലപെൻഷൻ | 3870300 | 3470 |
| വികലാംഗപെൻഷൻ | 1369800 | 1148 |
| വിവാഹധനസഹായം | 240000 | 8 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 61200 | 49 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.03.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41239 /- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ജി ഒ (പി )നം.177/2006/ ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സബ്സിഡയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് കൃഷി ഓഫീസർ, വെറ്റിനറി സർജൻ, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പാലിക്കുന്നില്ല.
3.ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും തയ്യാറാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ പദ്ധതി രൂപീകരണത്തിന് മുൻപ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്. 2019-20 വർഷത്തെ കൃഷി ഓഫീസർ, വെറ്റിനറി സർജൻ, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് മാസ്റ്റർ, ഐസിഡിഎസ് സൂപ്പർവൈസർ എന്നിവരുടെ പ്രോജക്ടു ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.02.2022 | 01.01.2022 മുതൽ 31.01.2022 വരെ | 11.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.01.2011 മുതൽ 14.01.2011 വരെ | 2004-05 മുതൽ 2009-10 വരെ | 14.02.2011 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)Donation To Flood ഇനത്തിൽ പ്രത്യേക എ സി ആർ പ്രകാരം തുക 21,188 രൂപ ,എന്നാൽ ഷെഡ്യൂൾ B4 ൽ 7315 രൂപ

.വ്യത്യാസം 13,873 രൂപ.കാരണം വ്യക്തമല്ല.

3)എം ജി എൻ ആർ ഇ ജി എസ് ആകെ ചെലവ് വാർഷിക കണക്ക് പ്രകാരം 2,24,93,413 രൂപ. ആയത് യഥാർത്ഥ തുക 2,34,40,826 രൂപ. 9,47,413 രൂപ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

4) സംരക്ഷണ ഗ്രാന്റ് റോഡ് ഇനത്തിൽ ACR പ്രകാരം ചെലവ് 72,05,437 രൂപ, ആയത് വാർഷിക കണക്ക് പ്രകാരം 66,84,338 രൂപ. 5,21,099 രൂപ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.11/2020-21/14.02.22 )

## 1-12 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 167/2020

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി

വിനിയോഗിച്ച തുക – 4,59,822 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നം. 18/19-20/13.11.2019

നിർവ്വഹണം - സെക്രട്ടറി

പി ഡബ്ലിയു ഡി ഇലക്ട്രിക്കൽക്കൽ വിംഗിന്റെ മേൽനോട്ടത്തിൽ ടെണ്ടർ മുഖേന കുറഞ്ഞതുക ക്വാട്ട് ചെയ്ത അനിൽകുമാർ ഒ,ആയില്യം,ഐക്കരപ്പടി എന്നയാൾ മുഖേന കേടുവന്ന 40 എണ്ണം തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ,103 പുതിയ എൽ ഇ ഡി 20Wബൾബുകൾ സ്ഥാപിക്കൽ ,103 മീറ്റർ,32mm Dia Size 13 Class GI പൈപ്പ് സ്ഥാപനം എന്നിവയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. മൂത്തേടം, കരുളായി ഇലക്ട്രിക്കൽ ഡിവിഷനു കീഴിൽ വരുന്ന തെരുവുവിളക്കുകൾ ആണെങ്കിലും ആയവ സംബന്ധിച്ച് വ്യക്തമായ വിവരം രജിസ്റ്ററിൽ ലഭ്യമല്ല.

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല(ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). കൂടാതെ,ഈ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വിവരവും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2)മൂത്തേടം,കരുളായി കെ എസ് ഇ ബി ഡിവിഷനുകളിൽ ഉൾപ്പെട്ടതാണ് പുതിയതായി സ്ഥാപിച്ച തെരുവ് വിളക്കുകൾ. വൗച്ചർ നം.21900087/22.05.2019പ്രകാരം 1933 രൂപ കെ എസ് ഇ ബി മൂത്തേടം ഡിവിഷനിൽ സൂപ്പർവിഷൻ ചാർജിനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ അവശേഷിച്ചവയ്ക്ക് കരുളായി ഡിവിഷനിൽ സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയിട്ടില്ല. കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലേ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയത് പാലിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും പ്രസ്തുത ഡിവിഷനുകളിൽ നിന്നും ലഭിച്ചിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്. കരുളായി ഡിവിഷനു കീഴിൽ എത്രയെണ്ണം സ്ഥാപിച്ചുവെന്നും വ്യക്തമല്ല.

പി ഡബ്ലിയു ഡി ഇലക്ട്രിക്കൽ വിംഗിന്റെ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലുമാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ എത്ര എണ്ണം ലൈറ്റുകൾ ഓരോ വാർഡിലും സ്ഥാപിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുമില്ല.

3)കരാറുകാരനുമായി പ്രഥമിക ഉടമ്പടി മാത്രമാണ് വെച്ചിട്ടുള്ളത്. ഫൈനൽ ഉടമ്പടി ഒപ്പുവെച്ചിട്ടില്ല. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുമില്ല.

4)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.(പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് ,വിവരം നൽകുന്ന ആളിന്റെ പേരും, ഫോൺനമ്പർ, അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ). 40 എണ്ണം തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കൽ കൂടി

പദ്ധതിയിൽ ഉൾപ്പെട്ടതാണെങ്കിലും ആയതും പാലിച്ചിട്ടില്ല.

5)ഏതിനം (Osram/Philips/Bajaj/Klite – എസ്റ്റിമേറ്റ് പ്രകാരമുള്ളത് )തെരുവ് വിളക്കുകൾ സ്ഥാപിച്ചുവെന്നും വ്യക്തമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം . 13/19-20/30.03.2020 )

## 1-13 പരസ്യ ചാർജിനത്തിൽ നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് ലഭ്യമായില്ല.

2019-20 വർഷത്തിൽ താഴെ പറയും പ്രകാരം വിവിധ പരസ്യങ്ങൾ ദിനപത്രങ്ങൾ മുഖേന നൽകിയതിന് തനത്ഫണ്ടിൽ നിന്നും സെക്രട്ടറി മുഖേന തുക നൽകിയിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം./തീയ്യതി | നൽകിയ തുക | ചെലവിന്റെ വിവരം |
|---|---|---|---|
| 1 | 21900537/22.11.2014 | 12,852 ൽ 6426 (നൽകിയ തുക) | പരസ്യ ചാർജിനത്തിൽ മാതൃഭൂമി ദിനപത്രത്തിന് നൽകിയ തുക<br>ആർ. ഒ. നം.A1-2641/19 / 05.11.2019 |
| 2 | 21900803/28.02.2020 | 21420 | മാതൃഭൂമി ദിനപത്രത്തിൽ പരസ്യം നൽകിയതിന് പരസ്യചാർജ്ജിനത്തിൽ നൽകിയ തുക<br>ആർ. ഒ. നം.21154789/28.01.2020 – 6426<br>ആർ. ഒ. നം.AE/2641/19 /28.01.2020 – 6426<br>ആർ. ഒ. നം.A1-2641/19/13.01.2020 – 8568 |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി തീ.4-1-2011 പ്രകാരം പരസ്യങ്ങൾ പി&എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൌണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി ബില്ലുകൾ പ്രകാരം നിയമാനുസൃതം ലഭിക്കേണ്ട കിഴിവ് കറവ് ചെയ്യാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ച് നൽകുകയാണുണ്ടായത്.അപാകതയ്ക്ക് കാരണം വ്യക്തമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം .15/19-20//30.03.22)

## 1-14 ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ചെയ്തില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിൻമേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ 2019-20 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയിന്മേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം (ജനറൽ 3/20) | 11,48,997 | നവജീവൻ ന്യൂട്രീമിക്സ്, വാസുപ്പടി ,കരുളായി |
| 2 | അനുപൂരക പോഷകാഹാര വിതരണം (ST 5/20) | 1,00,000 | നവജീവൻ ന്യൂട്രീമിക്സ്, വാസുപ്പടി ,കരുളായി |
| 3 | അനുപൂരക | 2,87,030 | നവജീവൻ ന്യൂട്രീമിക്സ്, വാസുപ്പടി |

| | | | |
|---|---|---|---|
| | പോഷകാഹാര വിതരണം (എസ് സി 4/20) | | ,കരുളായി |
| 4 | അനപൂരക പോഷകാഹാര വിതരണം (ജനറൽ 3/20) | 4,51,346 | കീർത്തി ന്യൂട്രീമിക്സ്,കൈപ്പിനി ,ചുങ്കത്തറ |

അപാകതക്ക് കാരണം വ്യക്തമാക്കേണ്ടതും. ക്രമപ്രകാരം ടി ഡി എസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം .16/30.09.2022)

## 1-15 പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.

പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി ബിൽ നം.19151952033200862428 തീയതി. 25.11.2019 പ്രകാരം 5,00,000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ക്രമ നമ്പർ. | ഇൻവോയിസ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | 9255/16.12.2019 | 40,257/- |
| 2 | 9289/23.12.2019 | 4,474/- |
| 3 | 11430/29.02.2020 | 68,839/- |
| 4 | 527/14.04.2020 | 55,668/- |
| 5 | 530/14.04.2020 | 63,938/- |
| 6 | 127/14.04.2020 | 5,836/- |
| 7 | 4695/25.06.2020 | 62,714/- |
| 8 | 4697/25.06.2020 | 34,370/- |
| 9 | 1691/03.10.2020 | 5,754/- |
| 10 | 30120/06.02.2021 | 9,781/- |
| 11 | 2286/06.02.2021 | 4,716/- |
| | ആകെ | 3,56,347/- |

1,43,653/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 19/30.03.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 മഴക്കാല പൂർവ്വ ശുചീകരണം - തുക പൂർണ്ണമായി വിനിയോഗിച്ചില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ സജീവമാക്കുന്നതിനായി 21.06.2017 ലെ സ.ഉ (സാധാ) നം. 2096/2017/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ വാർഡിലും 10,000/- രൂപ പ്രകാരം 15 വാർഡുകളിലേക്കായി വൌച്ചർ നമ്പർ.21900091 തീ. 30.05.2019 പ്രകാരം 1,50,,000/- രൂപ ശുചിത്വമിഷൻ ഫണ്ടും വാർഡിന് 5,000/- രൂപ പ്രകാരം 15 വാർഡുകളിലേക്കായി വൌച്ചർ നമ്പർ.21900285 തീ. 17.08.2019 പ്രകാരം 75,,000/- രൂപ തനത് ഫണ്ടും സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ഈ തുക ഓരോ വാർഡിലേയും സാനിറ്റേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പരിസര ശുചീകരണത്തിനുള്ള തൊഴിലാളികളുടെ കൂലി നൽകുന്നതിനും , കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം അനുവദിച്ചിട്ടുള്ള തുക കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും മാസ്ക് വാങ്ങുന്നതിനും ആരോഗ്യജാഗ്രത ബോർഡ് സ്ഥാപിക്കുന്നതിനുമൊക്കെ ചെലവഴിച്ചതായി കാണുന്നു. ചില വാർഡുകളിൽ ഈ തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. സാനിറ്റേഷൻ കമ്മിറ്റിയുടെ അക്കൗണ്ട് പാസ്ബുക്കുകൾ, ക്യാഷ് ബുക്കുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|
| 1 | 10000 | 5000 |
| 3 | 14758 | 242 |

| | | |
|---|---|---|
| 9 | 14115 | 885 |
| 12 | 8639 | 6361 |
| 13 | 9357 | 5643 |
| 14 | 7265 | 7735 |
| 15 | 10000 | 5000 |

ഗ്രാമപഞ്ചായത്ത്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, മെഡിക്കൽ ഓഫീസർ മുതലായ അധികാരപ്പെട്ടവരാരും പ്രവർത്തന പുരോഗതി വിലയിരുത്തിയതായി കാണുന്നില്ല. വാർഡ് തല സാനിറ്റേഷൻ കമ്മിറ്റിയുടെ മിനിട്സ് പരിശോധനയ്ക്കക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രണ്ട് വൗച്ചറുകളിലുമായി അനുവദിച്ച 2,25,000/- രൂപയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന 30,866/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 20/30.03.2022 – മറുപടി ലഭ്യമാക്കിയില്ല.)

## 1-17 ലൈഫ് ഭവന നിർമ്മാണം - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേരും വിലാസവും. | അനുവദിച്ച തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | റാബിയ, W/o. ഷിഹാബ്, പൊട്ടക്കണ്ടത്തിൽ ഹൌസ്, മരുതങ്ങാട് | 40,000/- | 08/2018-19 Dt. 31.07.2018 |
| | | 1,60,000/- | Ch.No.603830 Dt.13.02.2019 |
| | | 60,000/- | Ch.No.603837 Dt.04.05.2019 |
| | | 40,000/- | Ch.No.603839 Dt.15.06.2019 |
| | | 60,000/- | Ch.No.201361 Dt.17.01.2020 |
| 2 | ഗിരിജ.കെ, W/0.ഷിജു, കൊച്ചേത്ത് ഹൌസ്, മൂത്തേടം.പി.ഒ. | 40,000/- | 07/2019-20 Dt. 21.10.2019 |
| | | 1,60,000/- | Ch.No.201366 Dt.12.03.2020 |
| | | 60,000/- | Ch.No.201385 Dt.15.02.2021 |
| | | 1,00,000/- | Ch.No.201387 Dt.25.03.2021 |
| 3 | ഫൌസിയ, W/o. അബ്ദുൾ കരീം, ചെറുമല ഹൌസ്, ചെട്ട്യാരങ്ങാടി, നമ്പൂരിപ്പൊട്ടി | 40,000/- | 10/2019-20 Dt. 29.10.2019 |
| | | 1,60,000/- | Ch.No.201362 Dt.06.02.2020 |
| | | 60,000/- | Ch.No.201368 Dt.19.05.2020 |
| | | 40,000/- | Ch.No.201372 Dt.12.06.2020 |
| | | 40,000/- | 13/2020-21 Dt.22.10.2020 |
| 4 | സുഭാഷ്, S/0. സുബ്രഹ്മണ്യൻ, വാൽപറമ്പിൽ ഹൌസ് | 40,000/- | 20/2019-20 Dt. 29.10.2019 |

| | | | |
|---|---|---|---|
| | | 1,60,000/- | Ch.No.201365 Dt.24.02.2020 |
| | | 60,000/- | Ch.No.201366 Dt.12.03.2020 |
| | | 29,459/- | 01/2020-21 Dt.22.04.2020 |
| | | 50,000/- | Ch.No.201372 Dt.12.06.2020 |
| | | 50,000/- | Ch.No.201378 Dt.29.09.2020 |
| 5 | സുമയ്യ, W/0.സമീർ ബാബു, ചോലക്കുന്നൻ ഹൌസ്, മരുതങ്ങാട്, മൂത്തേടം. | 40,000/- | 05/2020-21 Dt. 26.06.2020 |
| | | 40,000/- | 13/2020-21 Dt. 22.10.2020 |
| | | 1,60,000/- | Ch.No.201381 Dt.13.11.2020 |
| | | 60,000/- | Ch.No.201395 Dt.15.02.2021 |
| 6 | നിഷ, W/o. കൃഷ്ണൻകുട്ടി, മരടൻ ഹൌസ്, മൂത്തേടം.പി.ഒ. | 40,000/- | 08/2019-20 Dt. 21.10.2019 |
| | | 1,60,000/- | Ch.No.201366 Dt.12.03.2020 |
| | | 60,000/- | Ch.No.201374 Dt.28.02.2020 |
| | | 1,00,000/- | Ch.No.201382 Dt.30.11.2020 |
| 7 | മിനി, W/o. ദാസൻ, ചേക്കല ഹൌസ്, മൂത്തേടം | 40,000/- | 08/2019-20 Dt. 21.10.2019 |
| | | 80,000/- | Ch.No.201372 Dt.12.06.2020 |
| | | 1,40,000/- | Ch.No.201374 Dt.28.02.2020 |
| | | 1,00,000/- | Ch.No.201387 Dt.25.03.2021 |
| 8 | ജാനകി, W/o. ചാത്തൻ, തറക്കൽ ഹൌസ്, ചെമ്മന്തിട്ട | 40,000/- | 16/2019-20 Dt. 12.12.2019 |
| | | 1,60,000/- | Ch.No.201374 Dt.28.07.2020 |
| | | 40,000/- | 12/2020-21 Dt.21.10.2020 |
| | | 40,000/- | Ch.No.201381 Dt.13.11.2020 |
| 9 | ഉഷ, D/o.കഞ്ഞൻ, അമ്പലക്കൽ ഹൌസ്, കൽക്കുളം. | 40,000/- | 06/2020-21 Dt. 26.06.2020 |
| 10 | സുശീല, D/o. നാടി, വളക്കട ഹൌസ്, ചീനിക്കുന്ന്, കാരപ്പുറം. | 40,000/- | 11/2020-21 Dt.12.10.2020 |

| | | |
|---|---|---|
| | 1,60,000/- | Ch.No.201387<br>Dt.25.03.2021 |

ഇതിൽ ശ്രീമതി.ഉഷ, D/o.കുഞ്ഞൻ, അമ്പലക്കൽ ഹൌസ്, കൽക്കളം എന്നവർ 26.06.2020 ന് 40,000/- രൂപ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ ഭവന നിർമ്മാണം ആരംഭിക്കുകയോ മുൻകൂറായി നൽകിയ തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ. 17/30.03.2022) ക്രമ നമ്പർ 1 മുതൽ 8 വരെയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ. 9 പ്രകാരമുള്ള ശ്രീമതി.ഉഷ, D/o.കുഞ്ഞൻ, അമ്പലക്കൽ ഹൌസ്, കൽക്കളം എന്ന ഗുണഭോക്താവിന് മൂന്ന് തവണ കത്ത് നൽകിയിട്ടും മറുപടി ലഭിച്ചിട്ടില്ലായെന്നും ക്രമനമ്പർ.10 പ്രകാരമുള്ള ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുകയാണെന്നും മറുപടി ലഭ്യമാക്കി. എല്ലാ ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പൂർത്തീകരിച്ച് തുക പൂർണ്ണമായും അനുവദിച്ച ശേഷം അറിയിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-18 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ .

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളാ പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥന് ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ഭരണസമിതിയുടെ അംഗീകാരത്തോടെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തി, പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര. നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പ്രവൃത്തി: കാറ്റാടി ST കോളനി കമ്മ്യൂണിറ്റി ടോയ്‌ലറ്റ്, 197/20<br>അടങ്കൽ: 300000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ വാസു എം<br>കരാർ: 64/18-19/30-11-18 | 1-6-19 To 31-8-19 @ 1 %: 2983.24<br>1-9-19 To 26-9-19 @ 2 %: (26 Days)<br>5966.48 X 26/90 = 1723.64<br>TOTAL: 4706.88<br>le 4707 രൂപ |

| | | | |
|---|---|---|---|
| | PAC: 298324 രൂപ<br>അളവ് പുസ്തകം: 15/19-20<br>ചെലവ്: 195091രൂപ<br>വൗച്ചർ നമ്പർ: 41/19-20/18-10-19<br>കരാർ കാലവധി: 6 മാസം<br>(30-11-18 ന് കരാർ വെച്ചെങ്കിലും 1-8-19 ന് മാത്രമാണ് പ്രവൃത്തി തുടങ്ങുന്നത്. കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകുകയോ പ്രവൃത്തി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.)<br>പൂർത്തീകരിക്കേണ്ട തീയതി: 31-5-19<br>പൂർത്തീകരിച്ച തീയതി: 26-9-19 (അളവ് പുസ്തകം പേജ് 50) | | |
| 2 | പ്രവൃത്തി: GHS മൂത്തേടം കമ്മ്യൂണിറ്റി ടോയ്ലറ്റ്, 198/20<br>അടങ്കൽ: 250000 രൂപ (തനത് ഫണ്ട്)<br>കരാറുകാരൻ: ശ്രീ എബി വർഗീസ്<br>കരാർ: 50/18-19/14-11-18<br>PAC: 249972 രൂപ<br>അളവ് പുസ്തകം: 26/19-20<br>ചെലവ്: 214676രൂപ<br>വൗച്ചർ നമ്പർ: 47/19-20/22-12-19<br>കരാർ കാലവധി: 6 മാസം<br>(പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല. കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകുകയോ പ്രവൃത്തി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.)<br>പൂർത്തീകരിക്കേണ്ട തീയതി: 13-5-19<br>പൂർത്തീകരിച്ച തീയതി: 15-10-19 (അളവ് പുസ്തകം പേജ് 44) | 14-5-19 To 13-8-19 @ 1 %: 2499.72<br>14-8-19 To 15-10-19 @ 2 %: (62 Days)<br>4999.44 X 62/90 = 3444.05<br>TOTAL: 5943.77<br>le 5944 രൂപ | |
| 3 | പ്രവൃത്തി: പുളുവായ് ST കോളനി കുടിവെള്ള പദ്ധതി.<br>അടങ്കൽ: 1000000 രൂപ (ST കോർപ്പസ് ഫണ്ട്)<br>കരാറുകാരൻ: ശ്രീ സനീത് റാഫി<br>കരാർ: 2/18-19/27-6-18<br>PAC: 852179 രൂപ<br>അളവ് പുസ്തകം: 79/18-19, 80/18-19, 5/19-20 | 27-12-18 To 26-3-19 @ 1 %: 8521.78<br>27-3-19 To 26-6-19 @ 2 %: 17043.56<br>27-6-19 To 27-6-19 (1 Day)<br>17043.56 X 1/90 = 189.37<br>TOTAL: 25754.71<br>le 25755 രൂപ | |

| | | | |
|---|---|---|---|
| | ചെലവ്: 852179രൂപ<br>വൗച്ചർ നമ്പർ:<br>82/18-19/തീയതി ഇല്ല: 705962 രൂപ<br>31/19-20/2-9-19: 146217 രൂപ<br>കരാർ കാലവധി: 6 മാസം<br>(27-6-18 ന് കരാർ വെച്ച് അന്ന് തന്നെ തുടങ്ങിയ പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല. കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകുകയോ പ്രവൃത്തി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.)<br>പൂർത്തീകരിക്കേണ്ട തീയതി: 26-12-18<br>പൂർത്തീകരിച്ച തീയതി: 27-6-19<br>(അളവ് പുസ്തകം5/19-20 പേജ് 16) | | |
| 4 | പ്രവൃത്തി: ഉച്ചക്കുളം ST കോളനി കുടിവെള്ള പദ്ധതി.<br>അടങ്കൽ: 1000000 രൂപ (ST കോർപ്പസ് ഫണ്ട്)<br>കരാറുകാരൻ: ശ്രീ സനീത് റാഫി<br>കരാർ: 3/18-19/27-6-18<br>PAC: 808731.11 രൂപ<br>അളവ് പുസ്തകം: 7/19-20, 9/19-20<br>ചെലവ്: 793614രൂപ<br>വൗച്ചർ നമ്പർ: 32/19-20/3-9-19<br>കരാർ കാലവധി: 6 മാസം<br>(27-6-18 ന് കരാർ വെച്ച് അന്ന് തന്നെ തുടങ്ങിയ പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല. കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിനായി അപേക്ഷ നൽകുകയോ പ്രവൃത്തി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.)<br>പൂർത്തീകരിക്കേണ്ട തീയതി: 26-12-18<br>പൂർത്തീകരിച്ച തീയതി: 11-7-19<br>(അളവ് പുസ്തകം7/19-20 പേജ് 85) | 27-12-18 To 26-3-19 @ 1 %: 8087.31<br>27-3-19 To 26-6-19 @ 2 %: 16174.62<br>27-6-19 To 11-7-19 (15 Day)<br>16174.62 X 15/90 = 2695.77<br>TOTAL: 26957.70<br>le 26958 രൂപ | |

മേൽ പ്രകാരമുള്ള പിഴ 63364 രൂപ(4707+5944+25755+26958) മേൽ പ്രവത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 1/28-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 63364 രൂപ മേൽ പ്രവത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് ഫൈനൽ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 1-19 നിർമ്മാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2019-20, 2020-21 വർഷങ്ങളിൽ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും KCWWF വിഹിതം അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്യാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 2/28-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലെ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ Online Transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി Zero Balance Account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം, മൂത്തേടം ഗ്രാമപഞ്ചായത്ത് 2019-20, 2020-21 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എത്ര രൂപയാണെന്നും ആയതിൽ എത്ര രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി ഒ (എം എസ്) 3186/2017/LSGD/2-10-17 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ട് തുടങ്ങിയതിന്റേയും ആയതിൽ തുക ക്രഡിറ്റ് ചെയ്തതിന്റേയും വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 3/28-3-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ത്രസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ഉപഖണ്ഡികയായി കൊടുക്കുന്നു .(ഭാഗം 3 കൂടി കാണുക)

### 1-21-1 വട്ടപ്പാടം അംഗനവാടി പുനരുദ്ധാരണം 215/20.

അടങ്കൽ: 536000 രൂപ (MGNR)

കൺവീനർ: ശ്രീമതി വിജയലക്ഷ്മി കെ ടി

കരാർ: 07/19-20/1-10-19

അളവ് പുസ്തകം: 57/19-20, 58/19-20

ചെലവഴിച്ച തുക: 526602രൂപ

ബിൽ നമ്പർ 77/19-20/25-3-20: 451602 രൂപ

ബിൽ നമ്പർ 35/20-21/21-5-20: 75000 രൂപ

നൽകിയ തുക :

മൂല്യനിർണ്ണയം 470180 രൂപ

(+) GST 12% 56422

ആകെ 526602

(-) IT 2 % 9404

(-) WF 1% 4702

(-) GST 2% 9404

കൺവീനർക്ക്: 503092 രൂപ

നൽകാവുന്ന തുക:

മൂല്യനിർണ്ണയം 470180

(-) OH 5% 21869 (470180X5/107.5)

ബാക്കി 448311

(+) 12% GST 53797

ആകെ: 502108

(-) IT 2 % 8966

(-) WF 1% 4483

(-) GST 2% 8966

കൺവീനർക്ക്: 479693

